(ബി) ഉണ്ടെങ്കിൽ എത്ര പേർക്ക് പരിശീലനം നൽകി; എത്ര ദിവസത്തെ പരിശീലനം നൽകി;

(സി) ഈ പരിശീലനം നൽകിയതാരാണ്;

(ഡി) എന്തെല്ലാം വിഷയങ്ങളിലാണ് പരിശീലനം നൽകിയത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. Indian Environmental Society (IES) യുടേയും Ministry of Environment & Forests-ന്റെയും സാമ്പത്തിക സഹായത്തോടെ Globe Protocol training നടത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടെ തുടർന്നുള്ള വർഷങ്ങളിൽ സ്ക്കൂളുകളിൽ സംഘടിപ്പിക്കാനുദ്ദേശിച്ച വിപുലമായ പരിസ്ഥിതി വിദ്യാഭ്യാസത്തിന്റെ മുന്നോടിയായായാണ് ഈ പരിശീലനം സംഘടിപ്പിച്ചിട്ടുള്ളത്.

(ബി) തിരുവനന്തപുരം, കോട്ടയം ജില്ലകളിലെ 50 അദ്ധ്യാപകർക്കും മലപ്പുറം, കണ്ണൂർ ജില്ലകളിലെ 50 അദ്ധ്യാപകർക്കും 4 ദിവസത്തെ പരിശീലനമാണ് നൽകിയത്.

(സി) ഡൽഹിയിലെ IES-ലെ Resource team ആണ് പരിശീലനത്തിന് നേതൃത്വം നൽകിയത്.

(ഡി) പരിസ്ഥിതി വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിയുള്ളതായിരുന്നു പരിശീലനം. നമ്മുടെ പരിസ്ഥിതി സംരക്ഷണത്തിന്റെ കാര്യത്തിൽ മണ്ണ്, ജലം, വെളിച്ചം, വായു എന്നീ ഘടകങ്ങൾക്കുള്ള സ്വാധീനം പരിശീലനത്തിലെ മുഖ്യ വിഷയങ്ങളായിരുന്നു.

നാഷണലുകളിൽ പങ്കെടുത്ത് വിജയിക്കുന്നവരുടെ ഗ്രേസ് മാർക്കിന്റെ ശതമാനം കൂട്ടാൻ നടപടി

80 [2970] ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. എസ്. എൽ. സി.-ക്കും പ്ലസ് ടു-വിനും പരീക്ഷ എഴുതുന്ന സ്കൂൾ നാഷണൽ, മറ്റ് നാഷണലുകൾ മുതലായവകളിൽ പങ്കെടുക്കുകയും വിജയിക്കുയും ചെയ്യുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് കൊടുക്കുന്നതിന്റെ ശതമാനം കൂട്ടാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾ മൊത്തം മാർക്കിന്റെ എത്ര ശതമാനം വീതമാണ് ഓരോ സ്ഥാനത്തിനും നൽകുന്നതെന്ന് വ്യക്തമാക്കാമോ; പാർട്ടിസിപ്പേഷന് എത്ര ശതമാനമെന്ന് വ്യക്തമാക്കുമോ;

(സി) പല നാഷണലുകളിൽ കേരളത്തിനുവേണ്ടി പങ്കെടുത്തവർക്ക് ക്ലാസ്സുകളും മറ്റും നഷ്ടപ്പെടുന്നതുകൊണ്ട് ഇപ്പോൾ കൊടുക്കുന്ന ഗ്രേസ് മാർക്കിന്റെ ശതമാനം കൂട്ടാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഗ്രേസ് മാർക്കിന്റെ ശതമാനം കൂട്ടാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(ബി) ഇപ്പോൾ ഓരോ ഇനത്തിനും അനുവദിക്കുന്ന ഗ്രേസ് മാർക്കിന്റെ ശതമാനം ചുവടെ ചേർക്കുന്നു:

1. നാഷണൽ സയൻസ് ഫെയറിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും 15%.

2. രാഷ്ട്രപതി സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയിട്ടുള്ള വിദ്യാർത്ഥികൾക്ക് 10%-വും രാജ്യപുരസ്കാർ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് 5%വും.

3. എൻ. സി. സി.-യിൽ ബി. എൽ. സി., വി. എസ്. സി., എൽ. എസ്. സി., ഐ. ഡി. സി., ആർ. ഡി. സി. എന്നീ 5 ദേശീയ ക്യാംപുകളിൽ ഏതെങ്കിലും ഒരു ക്യാംപിൽ പങ്കെടുക്കുകയും കോർപ്പറലോ അതിനു മുകളിലുള്ള റാങ്കും 'എ' സർട്ടിഫിക്കറ്റും ഉള്ള വിദ്യാർത്ഥികൾക്ക് 10%.

4. സ്പോർട്സ്/ഗെയിംസ് ഇനങ്ങളിൽ നാഷണൽ ലെവലിൽ പങ്കെടുത്ത് 1, 2, 3 സ്ഥാനം നേടുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 15%, 13%, 11% ഗ്രേസ് മാർക്കും നാഷണൽ ലെവൽ മത്സരങ്ങളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് 10% ഗ്രേസ് മാർക്കും നൽകുന്നു.

(സി) ഗ്രേസ് മാർക്കിന്റെ ശതമാനം കൂട്ടാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly